(ബി) തൃശ്ശൂർ (നാലാം ശാഖ), കോന്നി, ചടയമംഗലം, തിരുവനന്തപുരം സ്റ്റാച്യു, കൊടകര, കൂത്തുപറമ്പ്, കുളത്തൂപുഴ, പാപ്പിനിശ്ശേരി, പാലക്കാട് (2-ാം ശാഖ), മാനന്തവാടി, പള്ളിമുക്ക് എന്നീ സ്ഥലങ്ങളിലാണ് കെ.എസ്.എഫ്.ഇ. ശാഖകൾ തുറന്നത്.

(സി) ബ്രാഞ്ചുകൾ തുറക്കാൻ അനുമതി നൽകിയ സ്ഥലങ്ങളിൽ അവ തുറക്കാൻ നടപടി സ്വീകരിച്ചുവരുന്നുണ്ട്.

കെ.എഫ്.സി. യിൽ നിന്നും എടുത്ത വായ്പ തിരിച്ചടയ്ക്കുന്നതിൽ വീഴ്ച വരുത്തിയതിന് അടച്ചുപൂട്ടിയ വ്യവസായ യൂണിറ്റുകൾ

13. [1792] ശ്രീ. ഒ. ഭരതൻ :

,, എ. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റെടുത്തതിനുശേഷം കെ.എഫ്.സി. യിൽ നിന്നും വായ്പ എടുത്ത് പുതുതായി പ്രവർത്തനം ആരംഭിച്ച വ്യവസായ യൂണിറ്റുകൾ എത്ര; അവ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) ഈ കാലയളവിനുള്ളിൽ തവണ അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയതിന്റെ പേരിൽ എസ്.എഫ്.സി. ആക്ട് 29-ാം വകുപ്പുപ്രകാരം അടച്ചുപൂട്ടിയ യൂണിറ്റുകളുടെ എണ്ണം എത്ര; തുറന്ന് വീണ്ടും പ്രവർത്തനം ആരംഭിച്ച യൂണിറ്റുകളുടെ എണ്ണം എത്ര;

(സി) ടെൻഡർ വിളിച്ച് വിൽപ്പന നടത്തിയ യൂണിറ്റുകൾ എത്ര; ടെൻഡർ നടപടി കഴിഞ്ഞ് നെഗോഷ്യേറ്റ് ചെയ്ത് വിൽപ്പന നടത്തിയ യൂണിറ്റുകൾ എത്ര ?

ഉത്തരം

(എ) 1996 ജനുവരി 31 വരെ 1577 സംരംഭകർക്ക് വായ്പ നൽകിയിട്ടുണ്ട്.

ഭക്ഷ്യ സംസ്കരണ മേഖല	125
എൻജിനീയറിംഗ് വിഭാഗം	49
മരം/കടലാസ് വിഭാഗം	148
ഹോട്ടലുകൾ ആശുപത്രി വിഭാഗം	188
കെമിസ്റ്റ്റയിൽ വിഭാഗം	80
ട്രാൻസ്പോർട്ട് വിഭാഗം	496
മൈനിംഗ് ക്വാറിയിംഗ് വിഭാഗം	6
മറ്റു സേവന വിഭാഗം	485

(ബി) 171 എണ്ണം

41 എണ്ണം വിൽപ്പനയിലൂടെ കൈമാറ്റം ചെയ്ത് പ്രവർത്തനം ആരംഭിക്കാൻ സൗകര്യം ചെയ്തു കൊടുത്തു. 13 എണ്ണം ഉടമസ്ഥർക്കുതന്നെ തിരികെ ഏൽപ്പിച്ചു.

(സി) ടെൻഡറിൽ ഏറ്റവും കൂടിയ റേറ്റ് വാഗ്ദാനം ചെയ്തവരുമായി നെഗോഷ്യേറ്റ് ചെയ്ത് പരമാവധി തുക ഉറപ്പു വരുത്തിയാണ് കൈമാറ്റം ചെയ്തത്. ഇവയുടെ എണ്ണം 41 ആണ്.

LIBRARY ARCHIVES Kerala Legislative Assembly